# സാമൂഹിക പ്രത്യാഘാത പഠനം

## നെല്ലാപ്പാറ-മടക്കത്താനം റോഡ്
## റീച്ച് - 3 വികസനം
(അങ്കംവെട്ടി - മടക്കത്താനം)

മഞ്ഞള്ളൂർ വില്ലേജ്, മൂവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല

**2 ഹെക്ടർ**

**അന്തിമ റിപ്പോർട്ട്**

**12/04/2023**

റിക്വസിഷൻ അധികാരി

**പൊതുമരാമത്തു വകുപ്പ് (റോഡ് വിഭാഗം)**


**കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്**

**കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002**

**ഫോൺ : 0481 2572781, 2573875**

E-mail :keralavhs@yahoo.co.in

Web :www.keralavhs.org


KERALA V H S ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

## ഉള്ളടക്കം


അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം

1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(സി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അദ്ധ്യായം 2- പദ്ധതി വിശദീകരണം

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

2.1.1. റിക്വസിഷൻ അധികാരി

2.1.1. (എ).പൊതുമരാമത്തു വകുപ്പ് (റോഡ് വിഭാഗം)

2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

2.3.1. പദ്ധതി പ്രദേശം

2.4. പദ്ധതി നിർവ്വഹണ ഘട്ടം

2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

2.6. പദ്ധതിക്ക്സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠ
നങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3- സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

3.1. പശ്ചാത്തലം

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

3.3. പഠന സമീപനം


KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

3.6. നടപടികളും സമയക്രമങ്ങളും

3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

3.8. പബ്ളിക് ഹിയറിംഗ്

## അദ്ധ്യായം 4- പദ്ധതി ഭൂമിയുടെ വിശകലനം

4.1. ഭൂമിയുടെ വിവരണം

4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.

4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷി രീതി, ജല ലഭ്യത

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസഭവനങ്ങളുടെ എണ്ണം.

4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം- കഴിഞ്ഞ 3 വർഷങ്ങളിൽ

## അദ്ധ്യായം 5 - ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.3. ഉപയോഗ പ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

## അദ്ധ്യായം 6- പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക വിവരങ്ങൾ

6.1. ജനസംഖ്യ വിവരങ്ങൾ

6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.3. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

6.4. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.5. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.6. ഭൂവുടമകളുടെ സാമ്പത്തിക സ്ഥിതി

6.7. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

6.8. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ
6.9. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ
6.9.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ
6.9.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ
6.10. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെവിവരണം
6.10.1. ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വയസ്സ് തിരിച്ചുള്ള വിവരണം
6.10.2. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരണം
6.10.3. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരണം
6.10.4 ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ സാമ്പത്തിക സ്ഥിതി വിവരണം
6.10.5. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകൾ അല്ലാത്ത പദ്ധതി ബാധിതരുടെ വിവരങ്ങൾ

## അദ്ധ്യായം 7 - സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി

7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ
7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ
7.3. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന കിൻഫ്ര പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ
7.4. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും
7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

## അദ്ധ്യായം 8- സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന

8.1. സ്ഥാപന ഘടനാ സംവിധാനം

## അദ്ധ്യായം 9- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്
9.2. വാർഷിക ബജറ്റും പദ്ധതി രൂപരേഖയും
9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും

## അദ്ധ്യായം 10- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും

10.1. പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ
10.2. മേൽനോട്ടവും റിപ്പോർട്ടിംഗും

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി

## അദ്ധ്യായം 11 -സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

## അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപരസ്യം- ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പബ്ളിക് ഹിയറിംഗ്- ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## സാമൂഹ്യ പ്രത്യാഘാത പഠനം
## നെല്ലാപ്പാറ-മടക്കത്താനം റോഡ്
## റീച്ച് - 3 വികസനം
## (അങ്കംവെട്ടി - മടക്കത്താനം)
## മഞ്ഞള്ളൂർ വില്ലേജ്, മൂവാറ്റുപുഴ താലൂക്ക്, എറണാകുളം ജില്ല
## 2 ഹെക്ടർ

### പഠന റിപ്പോർട്ട്- രത്ന ചുരുക്കം

**1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും**

സുരക്ഷിതവും സുഗമവും ആയ ഗതാഗത മാർഗ്ഗങ്ങൾ ഒരു രാജ്യത്തിന്റെ സുസ്ഥിത വികസനത്തിന്റെ അളവുകോലാണ്. രാജ്യത്തെ ജനസംഖ്യയുടെയും വാഹനങ്ങളുടെ എണ്ണത്തിന്റെയും വർദ്ധനയ്ക്ക് അനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കേണ്ടത് സന്തുലിത പുരോഗതിക്ക് അത്യാവശ്യമാണ്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ അഭൂതപൂർവ്വമായ വാഹന വർദ്ധനയുടെ അനുപാതത്തിൽ ഗതാഗത മാർഗ്ഗങ്ങൾ വികസിക്കാതിരുന്നതിനാലാണ് പല സ്ഥലങ്ങളിലും വലിയതോതിലുള്ള ഗതാഗതകുരുക്കുകൾ വൻതോതിൽ സമയനഷ്ടത്തിനും, ഇന്ധന നഷ്ടത്തിനും കാരണമാകുന്നുത്. കൂടാതെ വ്യവസായിക-വ്യാപാര വികസനത്തിന് സുഗമമായ ഗതാഗത സൗകര്യങ്ങൾ അത്യാവശ്യമാണ്. കേരളം പോലുള്ള സംസ്ഥാനങ്ങളിൽ നിലവിലുള്ള റോഡുകളുടെ രണ്ട് വശങ്ങളിലും, അനേകം വ്യാപാര- വ്യവസായ സ്ഥാപനങ്ങളും, വീടുകളും സ്ഥിതിചെയ്യുന്നു. മിക്കവാറും എല്ലാ പാതയോരങ്ങളും ജനസാന്ദ്രതയിൽ മുന്നിലാണ്. അതുകൊണ്ട് തന്നെ ഈ പാതകൾ വീതികൂട്ടി ഗതാഗതം സുഗമമാക്കാൻ വലിയ തോതിലുള്ള പുനരധിവാസ- പുനർവാസ നടപടികൾ ആവശ്യമാണ്. അതുകൊണ്ടാണ് പലപ്പോഴും, സർക്കാരുകൾ, ബൈപ്പാസുകളെക്കുറിച്ചും പുതിയ പാതകളെക്കുറിച്ചും ചിന്തിക്കുന്നത്. കൂടാതെ പുതിയ പാതകളും, ബൈപ്പാസുകളും പലപ്പോഴും പട്ടണങ്ങളുടെ വ്യപ്തി വർദ്ധിപ്പിക്കുകയും, അതിലൂടെ വ്യാപാര-വ്യവസായ രംഗത്ത് അഭിവൃദ്ധി പ്രദാനം ചെയ്യുകയും ചെയ്യും.

നെല്ലാപ്പാറ - മടക്കത്താനം റോഡ്, സംസ്ഥാനപാത എട്ട് എന്ന് അറിയപ്പെടുന്ന മെയിൻ ഈസ്റ്റേൺ റോഡിലൂടെ നെല്ലാപ്പാറയിൽ നിന്നും തൊടുപുഴ എത്താനുള്ള ദൂരം ഏഴ് കിലോമീറ്റർ കുറയുകയും, ഉദ്ദേശം പതിനാലോളം തദ്ദേശ സ്വയംഭരണ വാർഡുകൾക്ക് വികസിത സ്വഭാവം ഉള്ള റോഡ് ഗതാഗതം നൽകുകയും ചെയ്യും. ഏതാനും അനുബന്ധ റോഡുകൾ കൂടി വീതികൂട്ടി വികസിപ്പിച്ചാൽ അടിമാലിയിൽ നിന്നും കോട്ടയം എത്തുന്നതിനുള്ള ദൂരം ഉദ്ദേശം പതിനേഴ് കിലോമീറ്റർ കുറയ്ക്കാൻ സാധിക്കും. ഇത് മൂന്നാർ വിനോദ സഞ്ചാര കേന്ദ്രത്തിലേക്ക്, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള യാത്ര സുഗമമാക്കുകയും, കേരളത്തിന്റെ പ്രധാന രണ്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളായ കുമരകം, മൂന്നാർ എന്നിവയെ ബന്ധിപ്പിക്കുകയും ചെയ്യും. കാർഷിക പ്രാധാന്യമായ സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന പാത പ്രാദേശിക വികസനത്തെയും, കാർഷിക ഉത്പന്ന വിപണനത്തെയും വലിയ അളവിൽ പ്രോത്സാഹിപ്പിക്കും.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

റവന്യു വകുപ്പ്, തയ്യാറാക്കിയിരിക്കുന്ന വിവരങ്ങൾ അനുസരിച്ച് ഉദ്ദേശം 2 ഹെക്ടർ ഭൂമിയാണ് പദ്ധതിക്ക് ആവശ്യമായി വരുന്നത്. ആവശ്യമായ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ, അതിർത്തി കല്ലുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായി കഴിഞ്ഞു. അതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, പുനരധിവാസത്തിനും, സുതാര്യതയ്ക്കും ഉള്ള അവകാശ നിയമം 2013 ഉം അനുബന്ധ വിജ്ഞാപനങ്ങളും അടിസ്ഥാനമാക്കിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്കും പദ്ധതി വിധേയമാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ്, സംസ്ഥാന തലത്തിൽ സാമൂഹ്യ പ്രത്യാഘാത പഠനം നടത്താൻ തെരഞ്ഞെടുത്തിരിക്കുന്ന സംഘടനകളിൽ ഉൾപ്പെടുന്ന കേരള വോളന്ററി ഹെൽത്ത് സർവ്വീസിനെ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി. ഈ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിന്റെ അടിസ്ഥാനം ഇതാണ്.

### 1.2. പദ്ധതി പ്രദേശം

മൂവാറ്റുപുഴ താലൂക്കിൽ മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം കാർഷിക വാണിജ്യപ്രധാനമാണ്. സംസ്ഥാന പാത 8 കടന്ന് പോകുന്ന പദ്ധതി പ്രദേശം മൂവാറ്റുപുഴയിൽ നിന്നും 15 കിലോമീറ്ററും തൊടുപുഴയിൽ നിന്നും 4 കിലോമീറ്ററും ദൂരെയായി സ്ഥിതി ചെയ്യുന്നു. ജില്ലാ ആസ്ഥാനത്ത് നിന്നും 45 കിലോമീറ്റർ ദൂരെയാണ് പദ്ധതി പ്രദേശം. മലയോര ജില്ലയായ ഇടുക്കിയുടെയും, വാണിജ്യ തലസ്ഥാനമായ കൊച്ചി ഉൾപ്പെടുന്ന എറണാകുളത്തിന്റെയും അതിർത്തി പ്രദേശത്ത് വരുന്ന പദ്ധതി പ്രദേശം അതുകൊണ്ട് തന്നെ കാർഷിക വാണിജ്യ സംസ്കാരങ്ങൾ ഉൾക്കൊണ്ട് സാംസ്കാരിക വികാസം പ്രാപിച്ച പ്രദേശമാണ്. കാർഷിക പ്രധാന സ്ഥലം ആണ് എങ്കിലും മൂവാറ്റുപുഴയ്ക്കും, തൊടുപുഴയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്നത് കൊണ്ട് വലിയ വാണിജ്യ പ്രാധാന്യവും പ്രദേശത്തിനുണ്ട്. ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം മത വിശ്വാസികളാണ് പദ്ധതിബാധിതർ. വിദ്യാഭ്യാസം, ആരോഗ്യരക്ഷ എന്നിവയ്ക്ക് 2-3 കിലോമീറ്റർ ദൂരത്തിൽ സർക്കാർ, സർക്കരിതര സ്ഥാപനങ്ങൾ ഉണ്ട്.

## 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്.നം.1 കാക്കനാട് ഓഫീസ് ആണ് ഭൂമി ഏറ്റെടുക്കൽ സംബന്ധമായ എല്ലാ അളവുകളും പരിശോധനകളും നടത്തിയത്. ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ന്റെ മേൽ നോട്ടത്തിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിലുമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്.

KERALA V.H.S. MULLANKUZHY KOTTAYAM-2 COLLECTORATE P.O.

(ബി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ മഞ്ഞള്ളൂർ വില്ലേജിൽപ്പെട്ടതും, മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉള്ളതുമായ 2.0 ഹെക്ടർ സ്ഥലമാണ് പദ്ധതിപ്രദേശം. നല്ല കൃഷി ഭൂമിയായ ഈ പ്രദേശത്ത് ജാതി, റബ്ബർ, വാഴ തെങ്ങ്, ഫലവൃഷങ്ങൾ, കുരുമുളക് എന്നിവ കൃഷി ചെയ്യുന്നു. മൂവാറ്റുപുഴ - തൊടുപുഴ ദേശീയ പാത 66 ന് തെക്ക് ഭാഗത്ത് തൊടുപുഴ ആറിന്റെ എറണാകുളം ജില്ല അതിർത്തിയിൽ നിന്നും തുടങ്ങി മണിയന്ത്രം കോളനി ജംഗ്ഷനിൽ നിന്നും നൂറ്റി അമ്പത് മീറ്റർ പടിഞ്ഞാറ് മാറി അവസാനിക്കുന്ന പദ്ധതി പ്രദേശത്ത് കൂടി പന്നിപ്പള്ളി തോട് കടന്നു പോകുന്നു. പദ്ധതി പ്രദേശത്ത് താമസ ഭവനങ്ങളോ, മറ്റ് ചമയങ്ങളോ ഇല്ല എങ്കിലും പദ്ധതി പ്രദേശത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കദളിക്കാട് - മണിയന്ത്രം റോഡ് പദ്ധതി പ്രദേശത്തിന്റെ ഭാഗമാകുന്നു. സംസ്ഥാന പാത 8 ന്റെ ഇരുവശങ്ങളിലുമായി പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നു. പദ്ധതി ഭൂമിയുടെ സവിശേഷത കണക്കാക്കിയാൽ, സംസ്ഥാന പാതയുടെ സമീപപ്രദേശങ്ങൾ കൃഷി ഭൂമി ആണ് എങ്കിലും വാണിജ്യപ്രധാനം എന്ന് കണക്കാക്കാവുന്നതാണ്. കദളിക്കാട്-മണിയന്ത്രം പൊതുമരാമത്ത് റോഡിന്റെയും സംസ്ഥാന പാതയുടെയും തീരത്ത് വരുന്ന ഭൂമി പ്രത്യേക ഗണത്തിൽ പെടുത്താവുന്നതാണ്. ജലലഭ്യതയുടെ കാര്യമെടുത്താൽ . പദ്ധതി ഭൂമി വർഷം മുഴുവൻ ജലലഭ്യതയുള്ള പ്രദേശമാണ്.

(സി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

പതിനാല് ഭൂ ഉടമസ്ഥരാണ് പദ്ധതിയുടെ നേരിട്ടുള്ള പദ്ധതിബാധിതർ. പദ്ധതിബാധിതർ എല്ലാവരും തന്നെ പദ്ധതിപ്രദേശത്ത് സ്ഥിരതാമസം ഉള്ളവരാണ്. എല്ലാ പദ്ധതി ബാധിതരും ഒരു ഏക്കറിൽ കൂടുതൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഉള്ളവരാണ്.
ഒരു കുടുംബം ഒഴികെ എല്ലാവരും കൃഷി മുഖ്യ വരുമാനമോ, പ്രധാന വരുമാനമോ ആയിട്ടുള്ള കുടുംബങ്ങൾ ആണ്. എന്നാൽ പദ്ധതി ഭൂമിയുടെ നഷ്ടം അവരുടെ കാർഷിക വരുമാനത്തെ കാര്യമായി ബാധിക്കുന്നില്ല എന്നതും കണക്കാക്കേണ്ടതാണ്. എല്ലാ കുടുംബങ്ങളും മധ്യവർഗ്ഗ സാമ്പത്തിക സ്ഥിതിയോ, അതിൽ കൂടുതലോ ഉള്ളവരാണ്. എല്ലാവരും പത്താം തരത്തിന് മുകളിൽ വിദ്യാഭ്യാസം ഉള്ളവരും, നാല് പേർ പ്രൊഫഷണൽ വിദ്യാഭ്യാസം സിദ്ധിച്ചവരുമാണ്. ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം മതവിഭാഗത്തൽപ്പെട്ടവരാണ് പദ്ധതിബാധിതരായ ഭൂഉടമസ്ഥർ. പദ്ധതിപ്രദേശത്ത് വർഷങ്ങളായി താമസിച്ചുവരുന്നവരും, വസ്തുവിന്റെ ഉടമസ്ഥാവകാശം പാരമ്പര്യമായി ലഭ്യമായവരുമാണ്. ശരാശരി കുടുംബാംഗങ്ങളുടെ എണ്ണം 3-9 ആണ്. പ്രായ വിതരണം സൂചിപ്പിക്കുന്നത് നാല് പേർ 50 വയസ്സിന് താഴെ പ്രായം ഉള്ളവരും ഏഴ് പേർ 50 വയസ്സിന് മുകളിൽ ഉള്ളവരുമാണ്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### 1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാക്കപ്പെട്ട അങ്കംവെട്ടി - മടക്കത്താനം, നെല്ലാ ഷാറ- മടക്കത്താനം റോഡിന്റെ മൂന്നാം ഘട്ട വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. ഉദ്ദേശം 10 കി.മീ. ദൈർഘ്യം വരുന്ന ഒരു പദ്ധതിയുടെ ഉദ്ദേശം 650 മീറ്റർ വരുന്ന മൂന്നാം റീച്ച് സംബന്ധമായി ബദൽ നിർദ്ദേശ സാധ്യത തുലോം കുറവാണ് എന്ന് കാണാവുന്നതാണ്. എന്നാൽ പദ്ധതി പ്രദേശത്തെ മുറിച്ച് കടന്ന് പോകുന്ന പന്നിഷള്ളി തോടിന്റെ ഒഴുക്ക് സുഗമമാക്കാൻ തോടിന്റെ നീളം കുറച്ച് പുതിയ കൃത്രിമ കട്ട് രൂപപ്പെടുത്തി പദ്ധതി നിർവഹണം പൂർത്തീകരിക്കണമെന്ന് ഏതാനും പദ്ധതി ബാധിതർ നിർദ്ദേശിക്കുകയുണ്ടായി.

### 1.5. സാമൂഹിക പ്രത്യാഘാതം

പതിനാല് ഭൂ ഉടമസ്ഥർക്ക് ഭൂമി നഷ്ടപ്പെടുന്നു. ആറ് താമസ ഭവനങ്ങൾക്കും ഏതാനും കടകൾക്കും പുതിയ റോഡിന്റെ ഉയർച്ച അനുസരിച്ച് തങ്ങളുടെ പ്രവേശന മാർഗങ്ങൾ പുന: ക്രമീകരിക്കേണ്ടി വരുന്നു, തണ്ണീർത്തട സ്വഭാവമുള്ള ഉദ്ദേശം ഒരേക്കർ വരുന്ന ഭൂമിയുടെ പരിവർത്തനം ഇവയാണ് പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാതം. എന്നാൽ പദ്ധതി ബാധിതരായ പദ്ധതിക്ക് അനുകൂലമായ അഭിപ്രായമാണ് സാമൂഹ്യപ്രത്യാഘാത പഠന സമയത്ത് അറിയിച്ചത്. കൂടാതെ പ്രവേശന മാർഗം പുതിയ റോഡിന്റെ സാമീപ്യവും, ഉയർച്ചയും മൂലം നഷ്ടപ്പെടാൻ സാധ്യതയുള്ള വീടുകളും, കച്ചവട സ്ഥാപനങ്ങളും പ്രസ്തുത പ്രത്യാഘാതത്തെക്കുറിച്ച് ബോധവാന്മാരാണ്. അതുകൊണ്ടുതന്നെ പദ്ധതി നിർവഹണസമയത്ത് കൂട്ടായ പ്രത്യാഘാത ലഘൂകരണ നടപടികൾ സാധ്യമാണ് തണ്ണീർത്തട സ്വഭാവ ഭൂമിയിൽ നീരൊഴുക്കുള്ള ചെറിയ കൈതോടുകൾ ഉണ്ട് അവയിലെ നീരൊഴുക്ക് സംരക്ഷണ നടപടികൾ സ്വീകരിച്ച് പ്രത്യാഘാത ലഘൂകരണം സാധ്യമാണ്.

എന്നാൽ പദ്ധതി വലിയ സാമൂഹ്യ-സാമ്പത്തിക പുരോഗതിയാണ് പദ്ധതി പ്രദേശത്ത് എത്തിക്കാൻ സാധ്യതയുള്ളത്. അടിമാലി-കോട്ടയം ദൈർഘ്യം ഉദ്ദേശം 16 കിലോമീറ്റർ കുറയ്ക്കാൻ പദ്ധതി കാരണമാവും എന്ന് പ്രദേശവാസികൾ അവകാശപ്പെട്ടു. കൂടാതെ ഏതാനും റോഡുകളുടെ വികസനവും കൂടി സാധ്യമായാൽ തൊടുപുഴ പട്ടണത്തിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരമായും പദ്ധതി മാറും. സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറും വാണിജ്യ തലസ്ഥാനമായ എറണാകുളം തമ്മിലുള്ള ഗതാഗതത്തെ പദ്ധതി സുഗമവും സുരക്ഷിതവും ആക്കും.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3 | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 5 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങ ളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 6 | ഇടറോഡിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നിയന്ത്രണം | ഓരോ പ്രവേശനമാർഗ്ഗങ്ങ ളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 7 | റോഡ് ഭവനവുമായി വളരെ ചേർന്ന് പോകുന്നു. | സുരക്ഷിതത്തം പുനർവാസം | ഭവനത്തിന്റെ സുരക്ഷ ഉറ പ്പാകത്തക്ക വിധം ഉള്ള നട പടികൾ സ്വീകരിക്കുക. നഷ്ട പരിഹാരം നൽകുക |
| 8 | പൊതു ജലസേചന സൗകര്യങ്ങ ളായ കനാൽ/ചെറു തോടുകളു ടെയും നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 9 | ജലവിതരണ പൈപ്പുകളുടെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 10 | മരങ്ങളുടെ നഷ്ടം | നഷ്ട പരി ഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്ന തിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരി ക്കുക. |
| 11 | കൃഷിഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 12 | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 13 | ഉപയോഗശൂന്യമായ തുണ്ടുഭൂമി കളുടെ രൂപപ്പെടൽ | നിയന്ത്രണം | ഉപയോഗശൂന്യമായ തുണ്ടു ഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക. |
| 14 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടു ക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെ ടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 15 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചാ യത്ത് തലത്തിലും പ്രവർത്തിക്കുക. |

KERALA VHS COLLECTORATE P.O. MULLANKUZHY KOTTAYAM-2

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | ഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 3 | ചമയങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | കുറഞ്ഞ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 5 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 6 | ഇടറോഡിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാ |

KERALA V H S ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സ രൂപരേ ഖയിൽ ഉൾപ്പെടു ത്തുക. |
| 7 | റോഡ് ഭവ നവുമായി വളരെ ചേർന്ന് പോകുന്നു. | നെഗറ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | ലഘു വായ | കുറഞ്ഞ | ഭവന ത്തിന്റെ സുരക്ഷ ഉറപ്പാക ത്തക്ക വിധം ഉള്ള നടപടികൾ സ്വീകരിക്കു ക. നഷ്ട പരിഹാരം നൽകുക |
| 8 | പൊതു ജല സേചന സൗകര്യങ്ങ ളായ കനാൽ/ചെ റു തോടുക ളുടെയും നഷ്ടം | നെഗറ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | ലഘു വായ | കുറഞ്ഞ | പുനസ്ഥാ പനം |
| 9 | ജലവിത രണ പൈപ്പുക ളുടെ നഷ്ടം | നെഗറ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | ലഘു വായ | കുറഞ്ഞ | പുനസ്ഥാ പനം |
| 10 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | ലഘു വായ | കുറഞ്ഞ | മതിയായ നഷ്ട പരി ഹാരം നൽകു കയും നഷ്ടപ്പെടു ന്നതിന് തുല്യ എണ്ണം മര ങ്ങൾ സർക്കാർ ഭൂമിയി ലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | നടപടി സ്വീകരിക്കുക. |
| 11 | കൃഷിഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 12. | ഉപയോഗശൂന്യമായ തുണ്ടുഭൂമികളുടെ രൂപപ്പെടൽ | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | ഉപയോഗശൂന്യമായ തുണ്ടുഭൂമികൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക. |
| 13 | നാണ്യ വിളകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 14 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | കുറഞ്ഞ | ലഘുവായ | മധ്യമം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 15 | പരാതി പരിഹാരം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തനനിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

### 1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

താമസ ഭവനങ്ങളുടെ നഷ്ടം ഉണ്ടാകുന്നില്ല എന്നതുകൊണ്ടും, പദ്ധതിബാധിതരിൽ ഭൂരിഭാഗവും പദ്ധതിയെ പിന്തുണയ്ക്കുന്നതിനാലും, പദ്ധതിയുടെ പ്രയോജനം

KERALA VHS * MULLANKUZHY * KOTTAYAM-2 COLLECTORATE P.O.

പദ്ധതിബാധിതരായ എല്ലാവർക്കും ലഭ്യമാവുന്നു എന്നതുകൊണ്ടും, പദ്ധതിയുടെ പ്രത്യാഘാതം ലഘൂതരം എന്ന് കണക്കാക്കാവുന്നതാണ്. കൂടാതെ ന്യായമായ നഷ്ടപരിഹാരത്തിലൂടെ പ്രത്യാഘാതം വീണ്ടും ലഘൂകരിക്കാൻ കഴിയും എന്നതും കണക്കാക്കാവുന്നതാണ്. പദ്ധതി യാഥാർത്ഥ്യമായാൽ മൂവാറ്റുപുഴ- തൊടുപുഴ ദൈർഘ്യം ഉദ്ദേശം നാല് കിലോമീറ്റർ കുറയ്ക്കാൻ കഴിയും എന്ന് പ്രദേശ വാസികൾ അവകാശപ്പെടുന്നു. കൂടാതെ രണ്ട് ജില്ലകളെ ബന്ധിപ്പിച്ച് കൊണ്ട് . പദ്ധതി പൂർത്തീകരിക്കുമ്പോൾ സംസ്ഥാനപാത എട്ടിനും നാല്പത്തി ഒന്നിനും ഇടയിൽ വരുന്ന വലിയ ഒരു പ്രദേശത്തിന്റെ വികസനത്തിന് നിദാനം ആകുന്നു എന്ന് കണക്കാക്കപ്പെടുന്നു. പദ്ധതിപ്രദേശത്തുകൂടി തൊടുപുഴ ആറിന്റെ കൈവഴിയായ പന്നിപ്പള്ളി തോട് കടന്നു പോകുന്നു. വർഷത്തിൽ പൂർണ്ണമായും ജല ലഭ്യത ഉള്ള പ്രസ്തുത തോട് പ്രദേശത്തെ പ്രധാന ജലസ്രോതസ്സാണ്. അതുകൊണ്ട് തന്നെ തോടിന്റെ ഒഴുക്കിന് തടസ്സം ഉണ്ടാവാത്ത വിധം പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. ഇപ്പോഴത്തെ തോടിന്റെ ഗതി പദ്ധതിയുടെ മൂന്ന് വശത്തും തോടിന്റെ ഒഴുക്ക് ഉണ്ടാവുന്ന വിധവും, അതുകൊണ്ട് തന്നെ പദ്ധതി തോടിനെ മുറിച്ച് കടന്ന് പോകുന്ന തരത്തിലുമാണ്. പദ്ധതിപ്രദേശത്തുള്ള ചിലർ തോടിന്റെ ഒഴുക്ക് വളവ് മാറ്റി നേരെയാക്കി ജല നിർഗ്ഗമനം സുഗമമാക്കണം എന്ന് നിർദ്ദേശിച്ചു. എന്നാൽ ശരിയായ സാങ്കേതിക പഠനം ഇതിന് ആവശ്യമാണ്. സംസ്ഥാനപാതയ്ക്ക് പടിഞ്ഞാറുള്ള പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്ന കദളിക്കാട്- മണിയന്ത്ര റോഡ് പൂർണ്ണമായും പദ്ധതിയുടെ ഭാഗമാവുകയാണ്. പ്രസ്തുത റോഡിന്റെ സമീപവാസികളുടെ ഇപ്പോൾ സുഗമമായ പ്രവേശന മാർഗ്ഗങ്ങൾ പദ്ധതി റോഡിന്റെ ഉയർച്ച മൂലം തടസ്സപ്പെടാൻ സാധ്യതയുണ്ട് . ആയത് പദ്ധതി നിർവ്വഹണ സമയത്ത് പ്രത്യാഘാത ലഘൂകരണ നടപടികളിലൂടെ കൈകാര്യം ചെയ്യേണ്ടതാണ്. കൂടാതെ തണ്ണീർത്തട സ്വഭാവത്തിലുള്ള ഭൂമിയാണ് ഈ പ്രദേശത്ത് ഉള്ളത്. അതു കൊണ്ട് തന്നെ ജലനിർഗമന സൗകര്യങ്ങൾ, വെള്ളക്കെട്ട് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയെല്ലാം പദ്ധതി രൂപരേഖയിൽ ഉൾപ്പെടുത്തുന്നത് പ്രത്യാഘാത ലഘൂകരണത്തെ സഹായിക്കും.

പദ്ധതിബാധിതരായ ഭൂഉടമസ്ഥർ പദ്ധതിക്ക് വേണ്ടി ഭൂമി വിട്ടു നൽകുന്നതിന് തടസ്സങ്ങൾ ഉന്നയിച്ചിട്ടില്ല. എന്നാൽ ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കണം എന്ന് അവർ ആവശ്യപ്പെടുന്നു. കൂടാതെ ഏതാനും ഭൂമികൾ പ്രത്യേക പരിഗണന നൽകി നഷ്ടപരിഹാര നിർണ്ണയം നടത്തുന്നത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്. പദ്ധതിയിൽ ജനങ്ങളുടേയും, ജനപ്രതിനിധികളുടെയും ഒരു കൂട്ടായ സഹകരണം ദൃശ്യമാണ്. ആയത് പദ്ധതി സംബന്ധമായ തുടർ നടപടികൾക്ക് സഹായകരമാണ്.

പദ്ധതിയുടെ പൊതുതാൽപര്യവും, പദ്ധതി മൂലം ഉണ്ടാകുന്ന പ്രയോജനവും, പദ്ധതി മൂലം ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാതത്തേക്കാൾ വളരെ വലുതായതു കൊണ്ടും നിയമം അനുശാസിക്കുന്ന പുനരധിവാസ പുനർവാസ നടപടിക്രമങ്ങളിലൂടെ പ്രത്യാഘാതത്തെ കുറയ്ക്കാനോ, ഇല്ലായ്മ ചെയ്യുവാനോ സാധിക്കും എന്നതിനാലും ഈ പദ്ധതി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതുതാൽപര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 2

## പദ്ധതി വിശദീകരണം

### 2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

നെല്ലാപ്പാറ - മടക്കത്താനം റോഡ്, സംസ്ഥാനപാത എട്ട് എന്ന് അറിയപ്പെടുന്ന മെയിൻ ഈസ്റ്റേൺ റോഡിലൂടെ നെല്ലാപ്പാറയിൽ നിന്നും തൊടുപുഴ എത്താനുള്ള ദൂരം ഏഴ് കിലോമീറ്റർ കുറയുകയും, ഉദ്ദേശം പതിനാലോളം തദ്ദേശ സ്വയംഭരണ വാർഡുകൾക്ക് വികസിത സ്വഭാവം ഉള്ള റോഡ് ഗതാഗതം നൽകുകയും ചെയ്യും. ഏതാനും അനുബന്ധ റോഡുകൾ കൂടി വീതികൂട്ടി വികസിപ്പിച്ചാൽ അടിമാലിയിൽ നിന്നും കോട്ടയം എത്തുന്നതിനുള്ള ദൂരം ഉദ്ദേശം പതിനേഴ് കിലോമീറ്റർ കുറയ്ക്കാൻ സാധിക്കും. ഇത് മൂന്നാർ വിനോദ സഞ്ചാര കേന്ദ്രത്തിലേക്ക്, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള യാത്ര സുഗമമാക്കുകയും, കേരളത്തിന്റെ പ്രധാന രണ്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളായ കുമരകം, മൂന്നാർ എന്നിവയെ ബന്ധിപ്പിക്കുകയും ചെയ്യും. കാർഷിക പ്രാധാന്യമായ സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന പാത പ്രാദേശിക വികസനത്തെയും, കാർഷിക ഉത്പന്ന വിപണനത്തെയും വലിയ അളവിൽ പ്രോത്സാഹിപ്പിക്കും.

#### 2.1.1. -റിക്വസിഷൻ അധികാരി

#### 2.1.1. (എ). -കേരള പൊതുമരാമത്ത് വകുപ്പ്

കേരള പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ കേരളത്തിലെ 33593 കിലോമീറ്റർ റോഡ് പരിരക്ഷിക്കുന്ന സംസ്ഥാനത്തിന്റെ ഗതാഗത രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന വകുപ്പാണ്. ഇതിൽ 27470 കിലോമീറ്ററും പ്രധാനപ്പെട്ട ജില്ലാ റോഡുകളാണ്. രാജഭരണ കാലത്ത് റോഡുകളുടെ വികസനത്തിനുവേണ്ടി സ്ഥാപിതമായ മരാമത്ത് വകുപ്പ് എന്ന് അറിയപ്പെട്ടിരുന്ന വകുപ്പ് അന്ന് തന്നെ 1000 മൈൽ റോഡുകളുടെ വികസനം ലക്ഷ്യം വച്ചിരുന്നു.

ഇന്ന് അഞ്ച് ചീഫ് എൻജിനീയറന്മാരുടെ കീഴിൽ 20 സൂപ്രണ്ടിങ്ങ് എൻജിനീയറന്മാരും, 76 എക്സിക്യുട്ടീവ് എൻജിനീയറന്മാരും 639 അസിസ്റ്റന്റ് എൻജിനീയറന്മാരും മറ്റ് സഹായികളും ഉള്ള ഒരു വലിയ ഉദ്യോഗസ്ഥ ശൃഖംലയാണ്. നെല്ലാപ്പാറ-മടക്കത്താനം റോഡിന്റെ വികസന പ്രവർത്തനങ്ങളുടെ നടപ്പാക്കൽ ഏജൻസിയായി ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത് പൊതുമരാമത്ത് റോഡ് വിഭാഗത്തെയാണ്. തൊടുപുഴ എക്സിക്യുട്ടീവ് എൻജിനീയറുടെ ഓഫീസ് ആണ് മേൽനോട്ടം വഹിക്കുന്നത്.

#### 2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്.നം.1 കാക്കനാട് ഓഫീസ് ആണ് ഭൂമി ഏറ്റെടുക്കൽ സംബന്ധമായ എല്ലാ അളവുകളും പരിശോധനകളും നടത്തിയത്. ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ന്റെ മേൽ നോട്ടത്തിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിലുമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

നെല്ലാപ്പാറ - മടക്കത്താനം റോഡ്, സംസ്ഥാനപാത എട്ട് എന്ന് അറിയപ്പെടുന്ന മെയിൻ ഈസ്റ്റേൺ റോഡിലൂടെ നെല്ലാപ്പാറയിൽ നിന്നും തൊടുപുഴ എത്താനുള്ള ദൂരം ഏഴ് കിലോമീറ്റർ കുറയുകയും, ഉദ്ദേശം പതിനാലോളം തദ്ദേശ സ്വയംഭരണ വാർഡുകൾക്ക് വികസിത സ്വഭാവം ഉള്ള റോഡ് ഗതാഗതം നൽകുകയും ചെയ്യും. ഏതാനും അനുബന്ധ റോഡുകൾ കൂടി വീതികൂട്ടി വികസിപ്പിച്ചാൽ അടിമാലിയിൽ നിന്നും കോട്ടയം എത്തുന്നതിനുള്ള ദൂരം ഉദ്ദേശം പതിനേഴ് കിലോമീറ്റർ കുറയ്ക്കാൻ സാധിക്കും. ഇത് മൂന്നാർ വിനോദ സഞ്ചാര കേന്ദ്രത്തിലേക്ക്, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള യാത്ര സുഗമമാക്കുകയും, കേരളത്തിന്റെ പ്രധാന രണ്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളായ കുമരകം, മൂന്നാർ എന്നിവയെ ബന്ധിപ്പിക്കുകയും ചെയ്യും. കാർഷിക പ്രാധാന്യമായ സ്ഥലങ്ങളിലൂടെ കടന്നുപോകുന്ന പാത പ്രാദേശിക വികസനത്തെയും, കാർഷിക ഉത്പന്ന വിപണനത്തെയും വലിയ അളവിൽ പ്രോത്സാഹിപ്പിക്കും.

റവന്യു വകുപ്പ്, തയ്യാറാക്കിയിരിക്കുന്ന വിവരങ്ങൾ അനുസരിച്ച് ഉദ്ദേശം 2 ഹെക്ടർ ഭൂമി യാണ് പദ്ധതിക്ക് ആവശ്യമായി വരുന്നത്. ആവശ്യമായ ഭൂമിയുടെ ഏറ്റെടുക്കൽ നടപടിക ളുടെ ഭാഗമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ, അതിർത്തി കല്ലുകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായി കഴിഞ്ഞു. അതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും, പുനരധിവാസത്തിനും, സുതാര്യതയ്ക്കും ഉള്ള അവകാശ നിയമം 2013 ഉം അനുബന്ധ വിജ്ഞാപനങ്ങളും അടിസ്ഥാനമാക്കിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമ ങ്ങൾക്കും പദ്ധതി വിധേയമാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്.

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | എണ്ണം |
|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | 14 |
| 2. | ചമയങ്ങളുടെ നഷ്ടം | 14 |
| 3. | പൊതു വഴിയുടെ നഷ്ടം | 1 |
| 4 | വെയിറ്റിംഗ് ഷെഡിന്റെ നഷ്ടം | 1 |
| 5 | പൊതു തോട് | 1 |
| 6 | സ്വകാര്യ കുളം | 1 |
| 7 | ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | 14 |
| 8 | ഇടറോഡിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളുടെ നഷ്ടം | 1 |
| 9 | മരങ്ങളുടെ നഷ്ടം | 300-500 |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### 2.3.1. പദ്ധതി പ്രദേശം

മൂവാറ്റുപുഴ താലൂക്കിൽ മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം കാർഷിക വാണിജ്യപ്രധാനമാണ്. സംസ്ഥാന പാത 8 കടന്ന് പോകുന്ന പദ്ധതി പ്രദേശം മൂവാറ്റുപുഴയിൽ നിന്നും 15 കിലോമീറ്ററും തൊടുപുഴയിൽ നിന്നും 4 കിലോമീറ്ററും ദൂരെയായി സ്ഥിതി ചെയ്യുന്നു. ജില്ലാ ആസ്ഥാനത്ത് നിന്നും 45 കിലോമീറ്റർ ദൂരെയാണ് പദ്ധതി പ്രദേശം. മലയോര ജില്ലയായ ഇടുക്കിയുടെയും, വാണിജ്യ തലസ്ഥാനമായ കൊച്ചി ഉൾപ്പെടുന്ന എറണാകുളത്തിന്റെയും അതിർത്തി പ്രദേശത്ത് വരുന്ന പദ്ധതി പ്രദേശം അതുകൊണ്ട് തന്നെ കാർഷിക വാണിജ്യ സംസ്കാരങ്ങൾ ഉൾക്കൊണ്ട് സാംസ്കാരിക വികാസം പ്രാപിച്ച പ്രദേശമാണ്. കാർഷിക പ്രധാന സ്ഥലം ആണ് എങ്കിലും മൂവാറ്റുപുഴയ്ക്കും, തൊടുപുഴയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്നത് കൊണ്ട് വലിയ വാണിജ്യ പ്രാധാന്യവും പ്രദേശത്തിനുണ്ട്. ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം മത വിശ്വാസികളാണ് പദ്ധതിബാധിതർ. വിദ്യാഭ്യാസം, ആരോഗ്യരക്ഷ എന്നിവയ്ക്ക് 2-3 കിലോമീറ്റർ ദൂരത്തിൽ സർക്കാർ, സർക്കരിതര സ്ഥാപനങ്ങൾ ഉണ്ട്.

### 2.4. പദ്ധതിനിർവ്വഹണ ഘട്ടം

ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി സാമൂഹിക പ്രത്യാഘാത പഠനത്തിനായി പദ്ധതി സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റെടുക്കുന്ന ഭൂമിയുടെ രൂപ രേഖ തയ്യാറാക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു.

### 2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

ബാധകമല്ല

### 2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

### 2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

ബാധകമല്ല

### 2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

ബാധകമല്ല

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏററ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013 | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുനസ്ഥാപനവും |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 3

## സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

### 3.1. പശ്ചാത്തലം

ജി.ഒ.പി നം. 64/2023 ആർ.ഡി. തീയതി 24/02/2023 പ്രകാരവും കേരള ഗസറ്റ് നം.675, 2023 ഫെബ്രുവരി 25 പ്രകാരവും കേരള സർക്കാർ സാജു.വി.ഇട്ടി, എക്സിക്യുട്ടീവ് ഡയറക്ടർ കേരളാ വി.എച്ച്.എസ്സ് നേയും അദ്ദേഹത്തിന്റെ ടീമിനെയും ഈ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

### 3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 28 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവരശേഖകൻ | 13 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവരശേഖക | 18 വർഷത്തെ പ്രവർത്തന പരിചയം |
| 4. | എം.ഇബ്രാഹിംകുട്ടി | സാമൂഹിക ശാസ്ത്രജ്ഞൻ | ഞറേ.ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 36 വർഷത്തെ പ്രവർത്തി പരിചയം |
| 5. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര | 28 വർഷത്തെ പ്രവർത്തി പരിചയം |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| | | ക്രോഡീകരണം | |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | ഞറേ.റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | ഞറേ.വില്ലേജ് ഓഫീസർ |

### 3.3. പഠന സമീപനം

ആകെ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത് 2 ഹെക്ടർ ഭൂമിയാണ്.പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി ബാധിതരുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശങ്ങളിലൂടെ യാത്രകൾ സംഘടിപ്പിക്കുകയും ഉണ്ടായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### 3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

പദ്ധതി സംബന്ധമായി ലഭ്യമായ എല്ലാ രേഖകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പദ്ധതി പ്രദേശങ്ങളിൽ നിരന്തരം സന്ദർശിക്കുകയും വിവിധ വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതരെ കണ്ടെത്തുകയും അവരുമായി നേർക്കുനേർ സംസാരിച്ച് മുൻ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരശേഖണം നടത്തുകയും ഉണ്ടായി. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തി സാമൂഹിക പ്രത്യാഘാതത്തിന്റെ വ്യാപ്തിയും തോതും വിവിധ ഗവേഷണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ വിവരശേഖരണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു

### 3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

1. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) എൻ.എച്ച്.നം.1 കാക്കനാട്
2. മഞ്ഞള്ളൂർ പഞ്ചായത്ത് ഓഫീസ്

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

3. പി.ഡബ്ള്യു.ഡി, റോഡ്സ് വിഭാഗം, തൊടുപുഴ

4. വില്ലേജ് ഓഫീസ്, മഞ്ഞള്ളൂർ

5. താലൂക്ക്, മൂവാറ്റുപുഴ

6. പദ്ധതി ബാധിതരായ കുടുംബങ്ങളും ഭൂഉടമകളും

7. ജന പ്രതിനിധികൾ

### 3.6. നടപടികളും സമയക്രമങ്ങളും

25/02/2023 -സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

03/03/2023- ഡെപ്യൂട്ടി കളക്ടർ, ഭൂമി ഏറ്റെടുക്കൽ വിഭാഗത്തിൽ നിന്നുള്ള കത്ത്.

06/03/2023 - 08/03/2023 - പദ്ധതി പങ്കാളികളെ / താൽപര്യമുള്ളവരെ കണ്ടെത്തൽ

07/03/2023- 10/03/2023 - സെക്കണ്ടറി വിവര ശേഖരണം

13/03/2023- 14/03/2023- സാമൂഹിക സർവ്വേ

13/03/2023 & 14/03/2023- 'ട്രാൻസിറ്റ് വോക്ക്', ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ

17/03/2023 - കരട് റിപ്പോർട്ട്

05/04/2023- പൊതു അഭിപ്രായ സ്വീകരണം

12/04/2023- അന്തിമ റിപ്പോർട്ട്

### 3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

2, പദ്ധതി ബാധിതരുടെ പ്രവേശനമാർഗ്ഗങ്ങൾ പദ്ധതി മൂലം തടസ്സപ്പെടുന്നുണ്ട്. ആയത് പുനസ്ഥാപിക്കപ്പെടണം.

3. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ പദ്ധതി ബാധിതർ തയ്യാറാണ്.

4. ഭൂമി ഏറ്റെടുക്കൽ സംബന്ധമായി കൃത്യമായി വിവരങ്ങൾ നൽകുകയും പദ്ധതി ബാധിതരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും വേണം.

5. പുനരധിവാസ- പുനർവാസ നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരെ പങ്കെടുപ്പിക്കുകയും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും പുരോഗതി സബന്ധമായി കൃത്യമായ വിവരങ്ങൾ നൽകുകയും വേണം.

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

3.8. പൊതു അഭിപ്രായ സ്വീകരണ യോഗം – 05-04-2023, കദളിക്കാട് നാഷണൽ റീഡിംഗ് ക്ലബ് & പബ്ലിക് ലൈബ്രറി ഹാൾ, രാവിലെ 10.30

പൊതു അഭിപ്രായ സ്വീകരണ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജന യുഗം, കേരള കൗമുദി എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതരുടെ മേൽവിലാസത്തിൽ പൊതു അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകു കയും, വിശദമായ സന്ദേശം പദ്ധതി ബാധിതരുടെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതരെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ് വില്ലേജ് ഓഫീസ്, പഞ്ചായത്ത് എന്നിവടങ്ങളിൽ പ്രസിദ്ധീകരിക്കുകയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധ നയ്ക്ക് സഹായകരമായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ പഞ്ചായത്ത് ജനപ്രതിനിധികൾ, സ്പെഷ്യൽ തഹസിൽദാർ എൽ.എ എൻ.എച്ച്.നം.1, റിക്വ സിഷൻ അധികാരികൾ എന്നിവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

05-04-2023 ൽ കദളിക്കാട് നാഷണൽ റീഡിംഗ് ക്ലബ് & പബ്ലിക് ലൈബ്രറി ഹാൾ വച്ച് നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം- 5, റൂൾ 14 (1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപ നത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ

ശ്രീ. ബേസിൽ എ. കുരുവിള, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. എൻ.എച്ച്. നം.1, കാക്കനാട്, ശ്രീമതി. എൽമി രാജു. ഓവർസിയർ, പി.ഡബ്ല്യു.ഡി. (ആർ) തൊടുപുഴ, ശ്രീമതി. ആൻസി ജോസ്, പ്രസിഡന്റ്, മാഞ്ഞളൂർ ഗ്രാമപഞ്ചായത്ത്, ശ്രീമതി. ജാസ്മിൻ റെജി, 11 -ാം വാർഡ് മെമ്പർ, ശ്രീ. വി.സി. കുര്യൻ, (സെക്രട്ടറി, എം. എൽ.എ. പ്രതിനിധി)., ശ്രീ. എൻ.ജെ.ജോർജ്, മുൻ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ പങ്കെടുത്തു.

| ക്രമ നം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1 | **അഡ്വ. ബിജു ജോസഫ്, കളപ്പുരയിൽ**<br>ഞാൻ പദ്ധതി ഏറ്റവും കൂടുതലായി ബാധിക്കുന്ന ഒരു ഭൂ ഉടമസ്ഥനാണ്. പാലം പണിക്ക് വേണ്ടി കരിങ്കല്ല്, തൊടുപുഴ ആറിൽ ഇറക്കിയത് മൂലം എന്റെ ഭൂമിയുടെ സൈഡ് ഭിത്തി ഇടിഞ്ഞ് പോയിട്ടുണ്ട്. റവന്യു രേഖകളിൽ ഉള്ള ഭൂമിയുടെ അളവിന് നഷ്ടപരിഹാരം നൽകണം. ഭാവിയിൽ വളരെ | ശ്രീ. ബേസിൽ എ. കുരുവിള, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. എൻ.എച്ച്. നം.1, കാക്കനാട്,<br><br>2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | |
|---|---|---|
| | വികസന സാധ്യത നൽകുന്ന പദ്ധതിയാണ്. തൊടുപുഴ- അരിക്കത്താനം റോഡിനും, തൊടുപുഴ-മൂവാറ്റുപുഴ റോഡിനും ഇടയിലുള്ള വലിയ പ്രദേശത്തേക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്ന പദ്ധതിയാണ്. കൂടാതെ ഇപ്പോഴത്തെ പദ്ധതിയുടെ തുടർച്ചയായി അഞ്ഞൂറ് മീറ്റർ കദളിക്കടവ് - മണിയന്ത്രം റോഡ് വികസിപ്പിച്ചാൽ മൈലക്കുന്ന് - നേര്യമംഗലം റോഡിൽ എത്തിപ്പെടാവുന്നതും, അങ്ങനെ അടിമാലി - മൂന്നാർ എന്നിവിടങ്ങളിലേക്ക് ഉള്ള ദൂരം പത്ത് കിലോമീറ്റർ അധികം കുറയ്ക്കാവുന്നതുമാണ്. ഭൂഉടമസ്ഥരായ പദ്ധതി ബാധിതർ എല്ലാം പദ്ധതിക്ക് അനുകൂലമാണ്. എന്നാൽ പദ്ധതി പ്രദേശത്ത് 'യു' ആകൃതിയിൽ ഒഴുകുന്ന പന്നിപ്പള്ളി തോടിന്റെ ഒഴുക്ക് പ്രത്യേക ഭൂമി ഏറ്റെടുക്കൽ ഇല്ലാതെ നേരെയാക്കാൻ സാധിക്കും. ഈ കാര്യം ജലസേചന വകുപ്പിന്റെ അനുവാദത്തോടെ ചെയ്യാൻ സാധിച്ചാൽ ഇപ്പോഴുണ്ടാകുന്ന ജല നിർഗ്ഗമന തടസ്സം പൂർണ്ണമായും ഇല്ലാതാക്കാൻ സാധിക്കും . | നഷ്ടപരിഹാരം നൽകുന്നത്. പരമാവധി വില പദ്ധതിബാധിതന് കിട്ടുന്ന രീതിയിലാണ് നിയമവും ചട്ടവും നിർമ്മിക്കപ്പെട്ടിരിക്കുന്നത്.<br>പദ്ധതിപ്രദേശത്ത് തോടിന്റെ ഒഴുക്ക് മൂലം തീരം ഇടിഞ്ഞ് നഷ്ടമുണ്ടാകുന്നത് തുടർച്ചയായ പ്രതിഭാസം ആണെങ്കിൽ ദുരന്ത നിവാരണ അതോറിറ്റിയേയും, ജലസേചന വകുപ്പിനേയും അറിയിക്കണം. പഞ്ചായത്ത് റസലൂഷൻ പസ്സാക്കിയാൽ നന്നായിരിക്കും. പദ്ധതിബാധിതരുമായി സജീവ ബന്ധം, നിലനിർത്താൻ തഹസിൽദാർ ഓഫീസ് ശ്രമിക്കും. വളരെ സുതാര്യമായി നടപടികൾ പൂർത്തീകരിക്കാൻ പദ്ധതിബാധിതരുടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു. |
| 2 | **ശ്രീ. ജോഷി ചാക്കോ, കുന്നനാനിക്കപടവിൽ**<br><br>പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ശേഷം സ്ഥലം മണ്ണിടിച്ചിൽ ഭീഷണിയിലാണ്. പന്നിപ്പള്ളി തോട്ടിലെ ശക്തമായ ഒഴുക്കാണ് കാരണം. ഈ സ്ഥലത്തിന്റെ സുരക്ഷിതത്വത്തിനും, പദ്ധതിയുടെ സുരക്ഷിതത്വത്തിനും, ഏതാനും മീറ്റർ തോടിന്റെ സൈഡ് കെട്ടുന്നത് പദ്ധതിയിൽ ഉൾപ്പെടുത്തണം. | |
| 3 | **ശ്രീ. എൻ. ജെ. ജോർജ് മുള്ളൻകൈയ്യിൽ (ഉണ്ണി)**<br><br>വർഷങ്ങളായി പല ഘട്ടങ്ങൾ കടന്ന് വന്ന പദ്ധതി, ഭൂമി ഏറ്റെടുക്കലിന്റെ നടപടികളിലേക്ക് കടന്നതിൽ സന്തോഷമുണ്ട്. പദ്ധതി എല്ലാ | |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | |
|---|---|---|
| | വിഭാഗം ആളുകളുടേയും സഹകരണത്തോടെ പൂർത്തീകരിക്കണം. | |
| 4 | **ശ്രീമതി. ആൻസി ജോസ്, പ്രസിഡന്റ്, മഞ്ഞ ള്ളൂർ ഗ്രാമപഞ്ചായത്ത്**<br><br>ഇവിടെ അവതരിപ്പിച്ച ആശങ്കകൾ പരിഹരിക്കണം. പദ്ധതിക്ക് പഞ്ചായത്തിൽ നിന്നും എല്ലാ സഹായവും നൽകും. | |
| 5 | **ശ്രീ. വി.സി. കുര്യൻ, (സെക്രട്ടറി, എം. എൽ.എ., പ്രതിനിധി)**<br><br>ജനങ്ങൾക്ക് ആവശ്യമായ വികസനപ്രവർത്തനങ്ങൾക്ക് പ്രദേശത്തിന്റെ നിയമസഭാംഗം എന്ന നിലയിൽ പൂർണ്ണ പിന്തുണ ഉണ്ട്. യോഗത്തിൽ പദ്ധതിബാധിതർ അവതരിപ്പിച്ച അവരുടെ ആശങ്കകളും, നിർദ്ദേശങ്ങളും പദ്ധതി നടപ്പാക്കുമ്പോൾ പരിഗണിക്കണം. ജനങ്ങളെ വിശ്വാസത്തിൽ എടുത്ത് വേണം ഓരോ നടപടികളും. | |
| 6 | **ജോസ് ഉലഹന്നാൻ, നിരപ്പത്ത് വീട്**<br><br>പദ്ധതി മൂവാറ്റുപുഴ - തൊടുപുഴ റോഡ് കഴിഞ്ഞ് നൂറ്റി അമ്പത് മീറ്റർകൂടി കദളിക്കാട് - മണിയന്ത്രം റോഡ് ഭാഗത്തേക്ക് വികസിപ്പിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തണം. ആവശ്യമില്ല എങ്കിൽ ഈ ഭാഗത്തെ വികസനം ഒഴിവാക്കണം. പദ്ധതി വെള്ളക്കെട്ട് സൃഷ്ടിക്കാതെ വേണം വിഭാവനം ചെയ്യാൻ, മടക്കത്താനം റോഡ്, പന്നിക്കുഴിപാലം റോഡ്, പെരുമ്പിന്താഴം റോഡ് എന്നിവ വികസിപ്പിച്ചാൽ, നിർദ്ദിഷ്ട പദ്ധതിയുടെ പ്രയോജനം കൂടുതൽ വർദ്ധിപ്പിക്കാൻ കഴിയും. പദ്ധതി മൂവാറ്റുപുഴ - തൊടുപുഴ റോഡിൽ സന്ധിക്കുന്ന ഭാഗത്ത് ശരിയായ പ്ലാനിംഗ് ഇല്ല എങ്കിൽ വലിയ അപകടമേഖലയായിരിക്കും. | |

KERALA VHS ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 4
## പദ്ധതി ഭൂമിയുടെ വിശകലനം

### 4.1. ഭൂമിയുടെ വിവരണം

